LIBRARY ARCHIVES Kerala Legislative Assembly

റോഡുകളിലെ ഡിവൈഡറുകൾ

223 (4577) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ അപകടകരമായ വളവുകൾ ഉള്ള സ്ഥലങ്ങളിൽ വാഹനങ്ങൾക്ക് വൺവേ സിസ്റ്റം ഏർപ്പെടുത്തുന്ന തരത്തിൽ ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയപാതയിൽ അപകടകരമായ വളവുകൾ ഉള്ള സ്ഥലങ്ങൾ പഠന വിധേയമാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പുതിയ അലൈൻമെന്റ് നിശ്ചയിക്കുമ്പോൾ റോഡുകളിലെ വളവുകളുടെ കാര്യങ്ങൾ കൂടി കണക്കിലെടുത്താണ് പാതകൾ ഡിസൈൻ ചെയ്യുന്നത്. എന്നാൽ സംസ്ഥാന പാതകളിൽ സ്ഥല ലഭ്യത അനുസരിച്ച് മാത്രമേ ഡിവൈഡറുകൾ സ്ഥാപിച്ച് വൺവേ സിസ്റ്റം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡിലുള്ള തണൽ മരങ്ങളിൽനിന്നും പരസ്യബോർഡുകൾ നീക്കം ചെയ്യുന്ന നടപടി

224 (4578) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡിലുള്ള തണൽ മരങ്ങളിൽ നിന്നും പരസ്യബോർഡുകൾ നീക്കം ചെയ്യാൻ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ പരസ്യബോർഡുകൾ നീക്കം ചെയ്യാൻ സമയപരിധി നിശ്ചയിച്ചിരുന്നുവോ ;

(സി) സമയപരിധി കഴിഞ്ഞിട്ടും ഏതൊക്കെ പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ ഇനിയും നീക്കം ചെയ്യപ്പെടാനുണ്ട് എന്നറിയിക്കുമോ ;

(ഡി) പരസ്യബോർഡുകൾ നീക്കം ചെയ്യാൻ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) പരസ്യബോർഡുകൾ സമയപരിധിക്കുശേഷവും നീക്കം ചെയ്യാത്തവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?